(ബി) കയർ സഹകരണ സംഘങ്ങളിലെ തൊഴിലാളികളുടെ ത്രിഫ്റ്റ്/ഷെയർ/ഗ്രാറ്റുവിറ്റി തുടങ്ങിയവ നൽകുന്നത് സംബന്ധിച്ച് കഴിഞ്ഞ സർക്കാരിന്റെ കാലയളവിൽ ഉണ്ടായിരുന്ന ഉത്തരവുകൾ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ ചില നിബന്ധനകൾകൂടി ഉൾപ്പെടുത്തി 19-11-2011-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 1449/11/വ്യവ പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

കയർ ഡീഫൈബറിംഗ് മില്ലുകൾ

217 (7188) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കയർ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തിക്കുന്നു ; ഇതിൽ എത്ര എണ്ണം സഹകരണ മേഖലയിലും പൊതുമേഖലയിലും സ്വകാര്യമേഖലയിലും പ്രവർത്തിക്കുന്നുവെന്ന് വ്യക്തമാക്കാമോ ;

(ബി) ഓരോ ഡീഫൈബറിംഗ് മില്ലും 2013-14 വർഷത്തിൽ എത്ര തൊണ്ട് സംഭരിച്ചുവെന്നും എത്ര ടൺ ചകിരി ഉല്പാദിപ്പിച്ചുവെന്നും യൂണിറ്റ്ടിസ്ഥാനത്തിൽ വ്യക്തമാക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ 65 കയർ ഡീഫൈബറിംഗ് മില്ലുകൾ പ്രവർത്തിക്കുന്നു. ഇതിൽ 19 എണ്ണം സഹകരണ മേഖലയിലും (കയർഫെഡിന്റെ 4 എണ്ണം ഉൾപ്പെടെ) സ്വകാര്യമേഖലയിൽ 46 എണ്ണവും പ്രവർത്തിക്കുന്നു.

(ബി) ഓരോ ഡീഫൈബറിംഗ് മില്ലും 2013-14 വർഷത്തിൽ സംഭരിച്ച തൊണ്ടിന്റെ വിവരങ്ങളും ഉൽപ്പാദിപ്പിച്ച ചകിരിയുടെ കണക്ക് അനുബന്ധമായി ചേർത്തിരിക്കുന്നു.*

കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി

218 (7189) ശ്രീ. പി. കെ. ഗുരുദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയർവില നിശ്ചയിക്കുവാൻ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കമ്മിറ്റി എന്ന് നിലവിൽവന്നു എന്നറിയിക്കാമോ ;

(ബി) പ്രസ്തുത കമ്മിറ്റി കയർവില നിശ്ചയിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദമാക്കുമോ ;

(സി) കയർവില ഉല്പാദനച്ചെലവ് അനുസരിച്ച് പുതുക്കി നൽകിയോ എന്നറിയിക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly